(സി) പ്രസരണ നഷ്ടത്തിലൂടെ ഓരോ വർഷവും എത്ര കോടി രൂപയുടെ നഷ്ടമാണ് കേരളത്തിൽ ഉണ്ടാകുന്നതായി കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ലൈനുകളിൽ നിന്നും ഗാർഹിക ഉപഭോഗത്തിന് വൈദ്യുതി ലഭ്യമാക്കുമ്പോൾ ശരാശരി പ്രസരണം നഷ്ടം 6.25 ശതമാനത്തോളമാണ്. ഇത് പരിശോധിക്കുവാൻ എല്ലാ തലത്തിലും മീറ്ററുകൾ സ്ഥാപിച്ച് പ്രതിമാസ റീഡിംഗ് എടുത്ത് ലഭ്യതയും വിതരണവും താരതമ്യം ചെയ്ത് നഷ്ടം കണക്കാക്കിപ്പോരുന്നു.

(ബി) പ്രസരണ നഷ്ടത്തോത് ക്രമമായി കുറച്ചുകൊണ്ടുവരാൻ പ്രസരണ ശൃംഗല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ 220 കെ. വി., 110 കെ. വി., 66 കെ. വി., സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും പുതുതായി സ്ഥാപിക്കുകയും, നിലവിലുള്ള ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക, കപ്പാസിറ്ററുകൾ സ്ഥാപിക്കുക, എനർജി ഓഡിറ്റ് നടപ്പിലാക്കുക തുടങ്ങിയ ബൃഹത്തായ പദ്ധതികൾ നടപ്പാക്കിവരുന്നു.

(സി) പത്താം പദ്ധതിയുടെ അവസാനത്തോടെ ലക്ഷ്യമിട്ടിരിക്കുന്ന 5% പ്രസരണ നഷ്ടം എന്ന ലക്ഷ്യം കൈവരിച്ചാൽ 1.25%-ത്തോളം ഇപ്പോഴുള്ള നഷ്ടം കുറയ്ക്കാൻ കഴിയും. ഈ ഇനത്തിൽ നഷ്ടപ്പെടുന്ന ഏകദേശം 147.9 ദശലക്ഷം യൂണിറ്റിന് ഏകദേശം പ്രതിവർഷം 51.76 കോടി രൂപ നഷ്ടം ഉണ്ടാകുന്നുണ്ട്.

വൈദ്യുതി ബോർഡിന്റെ നഷ്ടം സംബന്ധിച്ച വ്യത്യസ്ത കണക്ക്

79 [5322] ശ്രീ. എ. സുജനപാൽ:
,, ജോർജ് ജെ. മാത്യു:
,, ഡൊമിനിക് പ്രസന്റേഷൻ:
,, എൻ. ശക്തൻ:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ നഷ്ടം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിനും സംസ്ഥാന പ്ലാനിംഗ് ബോർഡിനും വൈദ്യുതി ബോർഡ് വ്യത്യസ്തമായ കണക്ക് നൽകിയ സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്ലാനിംഗ് ബോർഡിനും ഗവൺമെന്റിനും നൽകിയ കണക്ക് അനുസരിച്ച് നഷ്ടം എത്ര വീതമായിരുന്നുവെന്ന് പറയുമോ;

(സി) ഇപ്രകാരം സംഭവിക്കാനുള്ള കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്രകാരം വ്യത്യസ്ത കണക്ക് നൽകിയതിന്റെ ഉത്തരവാദിത്വം ആർക്കാണ്; ഇതിൽ ആർക്ക് നൽകിയ കണക്കുകളാണ് ശരി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) ബോർഡിന്റെ കണക്കുകൾ വാർഷികമായി തയ്യാറാക്കി അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് കഴിഞ്ഞ് ആഡിറ്റ് സർട്ടിഫിക്കറ്റുൾപ്പെടെ സർക്കാരിന് സമർപ്പിക്കുകയാണ് ചെയ്യാറുള്ളത്. 1999-2000 വരെയുള്ള വാർഷിക കണക്കുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2000-2001 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ആഡിറ്റ് ചെയ്ത സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. 2001-2002 സാമ്പത്തിക വർഷത്തിലെ കണക്കുകളിന്മേലുള്ള ആഡിറ്റ് നടന്നുകൊണ്ടിരിക്കുന്നു. ഇതിനുപുറമേ ബോർഡിന്റെ വാർഷിക ബഡ്ജറ്റ് സർക്കാരിന് സമർപ്പിക്കാറുണ്ട്. എന്നാൽ പ്ലാനിംഗ് ബോർഡിന് 2002 ഏപ്രിൽ മുതൽ മാസംതോറും ബോർഡിന്റെ വരവുചെലവു കണക്കുകൾ താൽക്കാലികമായി തയ്യാറാക്കി ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി നൽകാറുണ്ട്. 2002 ആഗസ്റ്റ് മാസം പ്ലാനിംഗ് ബോർഡിന് നൽകിയ കണക്കുകളിൽ വ്യത്യാസമുണ്ടെന്ന ഒരു തെറ്റിദ്ധാരണ നിലനിന്നിരുന്നുവെന്ന കാര്യം വൈദ്യുതി ബോർഡിന്റെ ശ്രദ്ധയിൽ വന്നു. വിശദപരിശോധനയിൽ തൊറ്റാന്നും സംഭവിച്ചിട്ടില്ലെന്ന് താഴെ പറയുന്ന വസ്തുതകളുടെ വെളിച്ചത്തിൽ കാണാവുന്നതാണ്.

2002 ഏപ്രിൽ മാസം മുതൽ ആഗസ്റ്റ് മാസം വരെ പ്ലാനിംഗ് ബോർഡിനു നൽകിയ റവന്യൂ ചെലവു കണക്കിൽ പലിശ ഉൾപ്പെടുത്തുകയും മുതൽ തിരിച്ചടവ് പ്രസ്തുത റിപ്പോർട്ടിൽത്തന്നെ പ്രത്യേകമായി കാണിക്കുകയും ചെയ്തിരുന്നു. സംസ്ഥാന വൈദ്യുതി ബോർഡ് പ്ലാനിംഗ് ബോർഡിന് നൽകിയ കണക്കിൽ റവന്യൂ ചെലവിന്റെ കൂടെ മുതൽ തിരിച്ചടവുകൂടി ചേർക്കുമ്പോൾ ബോർഡിന്റെ പ്രതിമാസ കമ്മി കണക്കാക്കാനാകും. ഈ രീതിയിൽ 2002 ഏപ്രിൽ മുതൽ 2002 ആഗസ്റ്റ് മാസംവരെ ബോർഡിന്റെ ശരാശരി പ്രതിമാസ കമ്മി 109 കോടി രൂപയാണെന്നാണ് പ്ലാനിംഗ് ബോർഡിന് കണക്കുനൽകിയിരുന്നത്; അത് ശരിയുമാണ്.

(ഡി) പ്രസക്തമല്ല.

കെ. എസ്. ഇ. ബി.-യിലെ റവന്യൂ കമ്മി

80 [5323] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. -യിലെ റവന്യൂ കമ്മി എത്രയാണ്; റവന്യൂ കമ്മി നികത്താൻ എ. ഡി. ബി. വായ്പ ഉപയോഗിക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി ബോർഡിന്റെ റവന്യൂ കമ്മി ഇല്ലാതാക്കാൻ സർക്കാർ എത്ര ലക്ഷം രൂപ ബോർഡിന് നൽകാൻ തീരുമാനിച്ചിട്ടുണ്ട്; ഇതിനു വേണ്ടി എന്തെങ്കിലും തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly